(ബി) 2016 ജനുവരി 31 വരെ സർവ്വീസിലുള്ള ജീവനക്കാരുടെയും അദ്ധ്യാപകരുടെയും എണ്ണമെത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ബഡ്ജറ്റ് രേഖകൾ പ്രകാരം ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 2011-12 സാമ്പത്തിക വർഷത്തിൽ അദ്ധ്യാപകരുൾപ്പെടെ ആകെ സർക്കാർ ജീവനക്കാരുടെ എണ്ണം 499563 ആയിരുന്നു.

(ബി) 2015-16-ലെ ബഡ്ജറ്റ് രേഖകൾ പ്രകാരം അദ്ധ്യാപകരുൾപ്പെടെയുള്ള സർക്കാർ ജീവനക്കാരുടെ എണ്ണം 511487 ആണ്.

സർക്കാർ ഉദ്യോഗസ്ഥർക്ക് അക്കാദമിക് കോഴ്സുകളിൽ ചേർന്ന് പഠനം

20 (1752) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥർക്ക് അക്കാദമിക് കോഴ്സുകളിൽ ചേർന്ന് പഠനം നടത്തുന്നതിന് തടസ്സങ്ങളുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പഠനം നടത്തുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി തേടേണ്ടതുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം അക്കാദമിക താൽപ്പര്യങ്ങൾ സർക്കാർ പ്രോത്സാഹിപ്പിക്കുമോയെന്ന് അറിയിക്കുമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ടോ; എങ്കിൽ, വിശദമാക്കാമോ?

ഉത്തരം

(എ-ഡി) സർക്കാർ ഉദ്യോഗസ്ഥർക്ക് അക്കാദമിക് കോഴ്സുകളിൽ ചേർന്ന് പഠനം നടത്തുന്നതിന് മാത്രമായി ഒരു പൊതു ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടില്ല. ഈവനിംഗ് ക്ലാസ്സുകളിൽ പാർട്ട് ടൈം ആയി കോഴ്സ് ചെയ്യുന്നവരുടെ സ്ഥലംമാറ്റം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച 1-12-1965-ലെ GO(MS)No.705/65/PD, 27/1/1967-ലെ സർക്കുലർ നമ്പർ 3/67/PD, 30-4-1970-ലെ 1/70/PD, 25/4/1973-ലെ GO(MS)No.113/73/PD എന്നീ ഉത്തരവുകളിൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് ഭംഗം വരാത്ത രീതിയിൽ ഓഫീസ് പ്രവർത്തി സമയം കഴിഞ്ഞ് മുൻകൂർ അനുമതിയോടെ പാർട്ട്ടൈം അക്കാഡമിക് കോഴ്സുകളിൽ ചേർന്ന് പഠിക്കുന്നതിന് സർക്കാർ ഉദ്യോഗസ്ഥർക്ക് അനുവാദമുണ്ട്. നിയമനാധികാരിയാണ് അത്തരം പഠനത്തിന് അനുമതി നൽകേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥരുടെ അക്കഡമിക് താല്പര്യങ്ങൾ സംരക്ഷിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് പാർട്ട്-ടൈം പഠനത്തിലേർപ്പെട്ടിരിക്കുന്നവരുടെ ട്രാൻസ്ഫർ സംബന്ധമായി സർക്കാർ മേൽ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത്.

ജനസമ്പർക്ക പരിപാടി

21 (1753) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി നടത്തിയ മൂന്ന് ജനസമ്പർക്ക പരിപാടികളും വിജയമായതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിലുള്ള പരിപാടികൾ അതാതു വകുപ്പ് മന്ത്രിമാരും ജില്ലാ കളക്ടർമാരും എല്ലാ വർഷവും നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കാലഹരണപ്പെട്ട നിയമങ്ങൾ മാറ്റി ജനങ്ങൾക്ക് ഏറ്റവും വേഗം സേവനം ലഭ്യമാക്കുന്നതിനുള്ള എന്തെല്ലാം പുതിയ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സർക്കാർ നടത്തിയ 3 ജനസമ്പർക്ക പരിപാടികളിലും, പൊതുജനങ്ങളുടെ വിവിധ പരാതികളിൽ നിയമ തടസ്സങ്ങളില്ലാത്തവയിൽ സമയബന്ധിതമായി പരിഹാരം കാണുകയുണ്ടായി. ചികിത്സാധനസഹായവും മറ്റ് ആനുകൂല്യങ്ങളും അർഹരായ ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി നൽകിയിട്ടുള്ളതും ജനസമ്പർക്ക പരിപാടി വിജയകരമാക്കുന്നതിന് കാരണമായിട്ടുണ്ട്. ജനസമ്പർക്ക പരിപാടിയിലെ അനുഭവത്തിന്റെ വെളിച്ചത്തിൽ പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന വിധത്തിൽ വിവിധ നടപടിക്രമങ്ങളിൽ മാറ്റമോ അയവുകളോ വരുത്തിക്കൊണ്ട് 45 സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതും ജനസമ്പർക്ക പരിപാടിയെ വിജയകരമാക്കിയിട്ടുള്ളതുമാണ്.

(ബി & സി) ഇക്കാര്യത്തിൽ യഥാസമയം നടപടികൾ സ്വീകരിക്കാവുന്നതാണ്.

ജനസമ്പർക്ക പരിപാടി-വയനാട് ജില്ല

22 (1754) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലൂടെ വയനാട് ജില്ലയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി എത്ര അപേക്ഷകൾ ലഭ്യമായി എന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly